"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - തിരുവനന്തപുരം ഡിവിഷൻ - പരുത്തിപ്പള്ളി റെയിഞ്ചിൽ വിതുര സെക്ഷനിൽപ്പെട്ട കറിച്ചട്ടിമൊട്ടയിൽ കുരിശുകൾ സ്ഥാപിച്ചതിനു എം.ആർ.രാജേന്ദ്രപ്രസാദ്, റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.349/2021/വനം തീയതി,തിരുവനന്തപുരം, 06/11/2021

---

പരാമർശം:-

1. 05.01.2018 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-57971/17 നമ്പർ കത്ത്
2. 23.07.2018-ലെ FWLD-A2/15/2018/FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. 25.09.2018 തീയതിയായി ശ്രീ.എം.ആർ.രാജേന്ദ്രപ്രസാദ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച പ്രതിവാദപത്രിക.
4. 01.04.2019 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി6-57971/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിലെ ബോണക്കാട് കറിച്ചട്ടിമൊട്ട വനഭാഗത്ത് മുമ്പുണ്ടായിരുന്ന ചെറിയകുരിശു മാറ്റി വലിയകുരിശു പണി ചെയ്തുകൊണ്ടിരിക്കുന്നുവെന്ന ടോൾ ഫ്രീ നമ്പർ വഴി ലഭിച്ച പരാതിയിന്മേൽ 21.02.2017 ന് തിരുവനന്തപുരം ഫോറസ്റ്റ് കൺട്രോൾ റൂം സ്റ്റാഫുകൾ വിതുര സെക്ഷൻ സ്റ്റാഫുകളുമൊത്ത് ബോണക്കാട് കറിച്ചട്ടിമൊട്ട ഭാഗത്ത് പരിശോധന നടത്തുകയുണ്ടായി. തദവസരത്തിൽ കുരിശു പുനർ നിർമ്മിക്കുവാൻ വേണ്ടി മണലും, മെറ്റലും കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടും ആയത് യഥാസമയം ഡിവിഷണൽ ഫോറസ്റ്റാഫീസറെ അറിയിക്കുകയുയോ, റിസർവ്വ് ഫോറസ്റ്റിനകത്ത് പ്രവേശിച്ചതിന് കേസ് രജിസ്റ്റർ ചെയ്യുകയോ മഹസ്സർ തയ്യാറാക്കി ടി നിർമ്മാണ വസ്തുക്കൾ നീക്കം ചെയ്യുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരുന്നത് ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത വീഴ്ചക്ക് കാരണക്കാരനായ കണ്ടെത്തിയ വിരമിച്ച സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എം.ആർ.രാജേന്ദ്രപ്രസാദിനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

ഈ വിഷയത്തിൽ എം.ആർ.രാജേന്ദ്രപ്രസാദ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സർക്കാർ തലത്തിൽ

കൈക്കൊള്ളുന്നതിനായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം ടിയാന്റെ കൃത്യ നിർവ്വഹണത്തിലെ ഗുരുതരമായി വീഴ്ചക്ക് ആനുപാതികമായി ശിക്ഷയായി ടിയാന്റെ പെൻഷനിൽ നിന്നും മാസം 500/- രൂപ (അഞ്ഞൂറ് രൂപ മാത്രം) മൂന്നു വർഷത്തേയ്ക്ക് ഈടാക്കുവാൻ തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കരിച്ചട്ടിമൊട്ടയിൽ 21.02.2017-ന് പരിശോധന നടത്തിയ സമയം കണ്ടെത്തിയ മെറ്റലും മണലും ശ്രദ്ധയിൽപ്പെട്ടിട്ടും യഥാസമയം കേസ് രജിസ്റ്റർ ചെയ്യാതിരുന്ന നടപടി കൃത്യവിലോപം ആണെന്നും ശ്രീ.എം.ആർ.രാജേന്ദ്ര പ്രസാദ് പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രിക തൃപ്തികരമല്ലെന്നും, ആയത് അംഗീകരിക്കാൻ കഴിയുകയില്ലെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അറിയിച്ചു.

ശ്രീ.എം.ആർ രാജേന്ദ്ര പ്രസാദിനെ നേരിൽ കേട്ട വേളയിൽ ടിയാൻ ഉന്നയിച്ച വാദങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ലഭ്യമാക്കിയ റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിച്ചു. മേൽ വിഷയം സംബന്ധിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനായി ഒരു ഔപചാരികാന്വേഷണം നടത്തുന്നതിന് കുളത്തുപ്പുഴ റിസർച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.എം.ആദർശിനെ അന്വേഷണാധികാരിയായും, തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.അരവിന്ദ് ബാലകൃഷ്ണനെ പ്രസന്റിങ് ഓഫീസറായും നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A Preman
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

ശ്രീ.എം.ആദർശ്, റിസർച്ച് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, കുളത്തുപ്പുഴ.

ശ്രീ.അരവിന്ദ് ബാലകൃഷ്ണൻ,സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം.

ശ്രീ.എം.ആർ.രാജേന്ദ്രപ്രസാദ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ